# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4770** | **05-02-2014 ൽ മറുപടിയ്ക്ക്**

## 2013-14 ലെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.എം.എ.ബേബി<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.ദാസൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2013-14 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എല്ലാം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ; | (എ) കേന്ദ്രാനുമതി ലഭിച്ച പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്; ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെ; | (ബി) സങ്കരവർഗ്ഗതെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും പ്രാദേശിക നഴ്സറികൾ സ്ഥാപിക്കൽ, ചെറുകിട തെങ്ങിൻതോട്ടങ്ങളിൽ സമ്മിശ്ര കൃഷി നടപ്പിലാക്കുന്നതിനുള്ള നാളീകേര വികസന ബോർഡിന്റെ പദ്ധതി, ദേശീയ ബയോഗ്യാസ് പ്രോജക്ട്, സബ്മിഷൻ ഓൺ അഗ്രി മെക്കനൈസേഷൻ, ആത്മ, മൈക്രോ ഇറിഗേഷൻ എന്നിവയാണ് 2013-14 വർഷം പ്രഖ്യാപിച്ച പദ്ധതികൾ.<br>സബ്മിഷൻ ഓൺ അഗ്രി മെക്കനൈസേഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (സി) നാളീകേര തോട്ടങ്ങളുടെ പുനരുജ്ജീവനവും പുനർ നടീലും പൈലറ്റ് പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ടോ; | (സി) ഇല്ല. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലാണ് നടപ്പിലാക്കിയത്. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിന് ഏതെല്ലാം പദ്ധതികൾക്ക് എന്തുതുക വകയിരുത്തപ്പെട്ടു; അവയുടെ വിനിയോഗം സംബന്ധിച്ച് വിശദമാക്കാമോ? | (ഡി) | കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും വകയിരുത്തപ്പെട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | പദ്ധതികൾ | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1. | സങ്കരവർഗ്ഗ തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും | 30.00 | 25.00 |
| 2. | പ്രാദേശിക നഴ്സറികൾ സ്ഥാപിക്കൽ | 30.00 | 30.00 |
| 3. | ചെറുകിട തെങ്ങിൻ തോട്ടങ്ങളിൽ സമ്മിശ്ര കൃഷി നടപ്പിലാക്കുന്നതിനുള്ള നാളികേര വികസന ബോർഡിന്റെ പദ്ധതി | 600.00 | 522.05 |
| 4. | ദേശീയ ബയോഗ്യാസ് പ്രോജക്ട് | 350.00 | 190.591 |
| 5. | സബ്മിഷൻ ഓൺ അഗ്രി മെക്കനൈസേഷൻ | 500.00 | 53.53 |
| 6. | ആത്മ (സ്റ്റേറ്റ് ഷെയർ) | 200.00 | 54.52 |
| 7. | മൈക്രോ ഇറിഗേഷൻ | 100.00 | - |

സെക്ഷൻ ഓഫീസർ